# ക്രിസ്തുവിന്റെ മഹത്വത്തിനായി പുതിയ ആരാധന

ആയിരക്കണക്കിനു യെഹൂദന്മാർ പരിശീലിച്ചുവന്ന ആരാധനാ രീതികൾ ഒരൊറ്റ ദിവസം കൊണ്ട് മാറി! പെന്തെക്കൊസ്തു നാളിൽ ചുരുങ്ങിയതു മൂവായിരം പേർ, പത്രൊസിന്റെ സുവിശേഷ പ്രസംഗം കേട്ടു ജീവിതങ്ങളെ പൂർണ്ണമായി മാറ്റി.

തങ്ങളുടെ ജീവിതകാലം മുഴുവൻ മോശെയുടെ ന്യായപ്രമാണ നിർദേശങ്ങൾ പാലിച്ചുവന്നവർ, പ്രവൃത്തികൾ 2-ൽ ക്രിസ്ത്യാനി കളായിത്തീർന്നപ്പോൾ അവർ അത്ഭുതാവഹമായ മാറ്റത്തിനിരയായി. ഉടനെ, അവർ മുൻപുകാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത വിധത്തിൽ ദൈവത്തെ ആരാധിക്കാൻ തുടങ്ങി. അവർക്കു പരിചയ മുണ്ടായിരുന്ന പഴയനിയമ പ്രവൃത്തികൾ പെട്ടെന്നുമാറി. ഒരു നിമിഷം കൊണ്ട് ചിലതു സംഭവിച്ചു; നിയമത്തെ - തകർക്കുന്ന എന്തോ നടന്നു. യേശുവിന്റെ ക്രൂശീകരണത്തിനുശേഷം നടന്ന എന്തോ ഇവർക്കു നിത്യമായ ഒരു പ്രത്യാശ ജനിപ്പിച്ചു. അത്തരം പുതിയ ആരാധനക്കു ദൈവനിർദ്ദേശങ്ങൾക്കു മാത്രമെ വിവരിക്കാനാകയുള്ളു.

### ഒരു പുതിയ ആരാധന പ്രദർശിപ്പിച്ചു.

ഈ ക്രിസ്ത്യാനികൾ ക്രിസ്തുവിലേക്കു പരിവർത്തനംചെയ്ത ശേഷം, അവരുടെ ആരാധനയിലും ദിവസം - തോറും - ഉള്ള ജീവിത ത്തിലും പുതിയ രീതികൾ അവലംബിച്ചു. “അവർ അപ്പൊസ്തലന്മാ രുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു” (പ്രവൃത്തികൾ 2:42). ആ പെന്തെക്കൊ സ്തു നാളിനു മുൻപു ഒരിക്കലും യേശുക്രിസ്തുവിന്റെ അനുയാ യികൾ ഇങ്ങനെ ചെയ്തതായി നാം തിരുവെഴുത്തിൽ വായിക്കുന്നില്ല. അവർ ന്യായപ്രമാണം ആചരിച്ചിരുന്നതുപോലെ ഈ പരിശീലനത്തിൽ “തുടർന്നുവന്നു.”

ആ പെന്തെക്കൊസ്തു നാളിൽ നാലു പ്രവൃത്തികൾ ആരംഭിച്ച തായി ലൂക്കൊസ് പറയുന്നു. ഒന്ന്, ക്രിസ്ത്യാനികൾ അപ്പൊ സ്തലന്മാരുടെ ഉപദേശം പിൻപറ്റി - ന്യായപ്രമാണം അനുസരിക്കുന്ന

തിനു പകരം – "അപ്പൊസ്തലന്മാരുടെ ഉപദേശം." അപ്പൊസ്തലന്മാർ ഉപദേശിച്ചതനുസരിച്ച് അവർ ജീവിക്കാൻ തുടങ്ങി, അതു ന്യായപ്രമാണത്തോടു യോജിച്ചാലും ഇല്ലെങ്കിലും. അവരുടെ ഉപദേശത്തിലധികവും നല്കുവാൻ അവർ ദൈവാലയത്തിലെ പരസ്യമായ മുറികൾ പോലും ഉപയോഗിച്ചിരുന്നു (പ്രവൃത്തികൾ 2:46).

രണ്ട്, ന്യായപ്രമാണത്തിലെ ദശാംശം തുടരുന്നതിനു പകരം അവർ "കൂട്ടായ്മ" (*കൊയ്നോണിയ*) തുടർന്നുവന്നു. പുതിയ നിയമത്തിൽ "കൂട്ടായ്മ" എന്ന വാക്കിനു പല അർത്ഥങ്ങൾ ഉണ്ട്, എന്നാൽ ഈ സന്ദർഭത്തിൽ അവരുടെ ജീവിതത്തിലെ ആവശ്യങ്ങൾ പങ്കിടുന്നതാണ്. യെരുശലേമിൽ സഹോദരങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ചിലർ തങ്ങളുടെ വസ്തുവകകൾ വില്ക്കുവാൻ തുടങ്ങി (പ്രവൃത്തികൾ 2:45). കുറച്ചു കഴിഞ്ഞ്, യെരുശലേം സന്ദർശിച്ച പല യെഹൂദന്മാരും അവരുടെ വീടുകളിലേക്കു മടങ്ങേണ്ടിയിരുന്നു, എന്നാൽ മശിഹയെ ക്കുറിച്ചും അവന്റെ രാജ്യത്തിലെ ദൈവപുത്രന്റെ വാഴ്ച്ചയെക്കുറിച്ചും കൂടുതൽ പഠിക്കുവാൻ അവർ ആവേശവും താല്പര്യവും ഉള്ളവ രായിരുന്നു.

മൂന്ന്, യെഹൂദ പരിവർത്തകർ കൂടിവന്നു "അപ്പം നുറുക്കുവാൻ" തുടങ്ങി. ഇതേ വാക്ക് മറ്റു സന്ദർഭങ്ങളിൽ അവർ സാധാരണ ഭക്ഷണം കഴിക്കുന്നതിനും ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 2:46), എന്നാൽ ഇവിടെ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് പ്രതികരിച്ചവർ ആരാധനയുടെ പ്രവൃത്തിയായിട്ടാണ് ചെയ്തത്. അതു അവർക്കു തികച്ചും പുതിയതായിരുന്നു, എന്നാൽ ഭക്ഷണത്തിനായി അപ്പം നുറുക്കിയതു പുതുതായിരുന്നില്ല. കൂടാതെ, ഈ പ്രവൃത്തി പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ 2:42-ൽ, വേറെ മൂന്നു ആരാധനാ പ്രവൃത്തികൾ കൂടെ പറഞ്ഞിരിക്കുന്നു. അവർ തുടർച്ചയായി പങ്കിട്ട അപ്പം കർത്തൃമേശ ആയിരുന്നു (1 കൊരിന്ത്യർ 11:20-28).

നാല്, പരിവർത്തനം ചെയ്യപ്പെട്ടവർ ക്രൂശിൽ മരിച്ച, യേശു ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥന കഴിക്കുവാൻ തുടങ്ങി (1 തെസ്സലൊനിക്യർ 5:17, 18). അവനെ അവർ കർത്താവും ക്രിസ്തുവും ആയി തിരിച്ചറിഞ്ഞു (പ്രവൃത്തികൾ 2:36) അവരുടെ മദ്ധ്യസ്ഥനായും (1 തിമൊഥെയൊസ് 2:5). അവരുടെ ദേശത്തെ പതിനഞ്ചു - നൂറ്റാണ്ടിന്റെ ചരിത്രം എടുത്താൽ അബ്രഹാമിന്റെ പിൻഗാമികൾ ഒരിക്കലും യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചിരുന്നില്ല.

ദൈവത്തെ മഹത്വപ്പെടുത്തി ആരാധിക്കുന്നതിൽ ഈ സന്ദർഭ ത്തിൽ പറയാതിരിക്കുന്ന മറ്റൊരു ഭാഗം: ആരാധനയിൽ ഉപകരണം ഉപയോഗിക്കുന്നതായിരുന്നു. തടവിലായിരുന്ന പൗലൊസും ശീലാസും അർദ്ധ രാത്രി ദൈവത്തെ പാടി സ്തുതിച്ചു (പ്രവൃത്തികൾ 16:25). അപ്പൊസ്ത ലന്മാരുടെ ആരാധനാ നിർദ്ദേശങ്ങളിൽ പാട്ട് ഉൾപ്പെട്ടിരുന്നു. കൊരിന്തിലെ സഭായോഗങ്ങളിൽ ചില തെറ്റായ ഉപയോഗങ്ങളും ദുർവ്വിനിയോഗങ്ങളും തിരുത്തി പറഞ്ഞു, പാട്ടു പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ആ ആരാധനാ പ്രവൃത്തികൾ എല്ലാ വർക്കും പ്രയോജനപ്പെടുത്തുകയും, വ്യക്തമായി മനസ്സിലാവുകയും വേണം (1 കൊരിന്ത്യർ 14:15). പുതിയനിയമ ക്രിസ് ത്യാനികൾ

ആരാധിച്ചപ്പോഴെല്ലാം പാട്ടു പാടിയതു ഹൃദയത്തിൽ നിന്നുള്ളവയായിരുന്നു.

## പുതിയ ആരാധന വിവരിച്ചു

**"അപ്പൊസ്തലന്മാരുടെ ഉപദേശം"**

ന്യായപ്രമാണത്തിനുശേഷം അപ്പൊസ്തലന്മാരുടെ ഉപദേശം (പ്രവൃത്തികൾ 2:42) നിലവിൽ വന്നു തന്നെക്കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാം വസ്തുതകളായിത്തീർന്നു എന്നു; അതുകൊണ്ട്, ന്യായപ്രമാണ വും പ്രവാചകന്മാരും പ്രാബല്യത്തിലില്ലാതായി (ലൂക്കൊസ് 24:44). അപ്പൊസ്തലന്മാർ ലഭിക്കുന്ന പുതിയതും അവസാനത്തേതുമായ വെളിപ്പാടാണ്, ആളുകൾ കേൾക്കേണ്ടതും മനസ്സിലാക്കേണ്ടതും (എഫെസ്യർ 3:3-5). ഈ വെളിപ്പാട് ദൈവത്തിൽ നിന്നുള്ളതായിരുന്നു. അതിനെ മറ്റൊരു സുവിശേഷമായി മാറ്റുവാൻ പാടില്ലായിരുന്നു (ഗലാത്യർ 1:6-9). അതു സ്വർഗ്ഗത്തിൽ നിന്നുള്ള അവസാന സന്ദേശമായിരുന്നു അതു രക്ഷ അന്വേഷിക്കുന്നവർക്കു "എല്ലാവർക്കു മായി ഒരിക്കലായി" ഭരമേല്പിച്ചിരിക്കുന്നതാണ് (യൂദ 3).

പന്തിരുവരും (പിന്നീട് പൗലൊസും) ക്രിസ്തുവിന്റെ അധികാരത്തോടെ സംസാരിച്ചു, കാരണം അവർ പരിശുദ്ധാത്മാ വിനാൽ നയിക്കപ്പെട്ടിരുന്നു (യോഹന്നാൻ 14:25, 26; 15:26; 16:7, 8). "ദൈവശ്വാസിയം" എന്നതിനു അസാധാരണമെന്നോ അല്ലെങ്കിൽ മനുഷ്യരുടെ സാധാരണ പ്രയത്നങ്ങൾക്ക് തീരാമെന്നോ അർത്ഥമാക്ക രുത്. മറിച്ചു, അതു പ്രാസംഗികരിലും എഴുത്തുകാരിലും ആത്മാവായ ദൈവത്തിന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. അവർ പറയേ ണ്ടതും എഴുതേണ്ടതും, അവരിലേക്ക് ശ്വസിച്ചു നല്കിയതായിരുന്നു. അതുകൊണ്ട്, എല്ലാ തിരുവെഴുത്തും "ദൈവശ്വാസിയമത്രേ" (2 തിമൊഥെയൊസ് 3:16, 17). അപ്പൊസ്തലന്മാരുടെ അത്തരം ഉപദേശങ്ങൾ സ്വാഭാവികം ആയിരുന്നില്ല, എന്നാൽ ദൈവികം ആയിരുന്നു (1 കൊരിന്ത്യർ 2:13).

ന്യായപ്രമാണത്തിന്റെ ശരിയായതും വാസ്തവമായതും ആയ ഉദ്ദേശത്തെ കാണിക്കുന്നുവെന്നു തിരിച്ചറിയും തിരുവെഴുത്തുകളും പുതിയ സത്യങ്ങളും മനസ്സിലാക്കരുത്: അതു യിസ്രായേൽ ദേശത്തിനു ക്രിസ്തുവിലേക്കുള്ള ഒരു "ശിശുപാലകൻ," "അദ്ധ്യാപകൻ" (ഗലാത്യർ 3:23-25). ഇപ്പോൾ ക്രിസ്തു വരികയും, "വിശ്വാസം" വെളി പ്പെടുത്തി പൂർണ്ണമാക്കി, മോശെയുടെ ന്യായപ്രമാണത്തിന്റെ പ്രാബല്യം നീങ്ങി. അതു അതിന്റെ ഉദ്ദേശം നിറവേറ്റി. ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിൽ അതിനു ഒരു സ്ഥാനം ഉണ്ടായിരുന്നു, കാരണം യേശു തന്നെ ക്രിസ്തുവാണെന്നു അതു യെഹൂദന്മാരോടു വിരൽ ചൂണ്ടി യിരുന്നു. ആ സമയം മുതൽ അപ്പൊസ്തലന്മാർ പഠിപ്പിച്ച ഉപദേശ രൂപമാണ് ബഹുമാനിച്ചു പിൻപറ്റുവാൻ ആരാധകർക്ക് നല്കിയത്.

"അപ്പൊസ്തലന്മാരുടെ ഉപദേശം" എന്ന പ്രയോഗത്തിനു താല്പര്യം ജനിപ്പിക്കുന്ന വ്യാകരണഘടനയാണുള്ളത്. അതിനു ഉയർന്ന

വാദഗതിയുണ്ടായിരുന്ന 2 യോഹന്നാൻ 9, 10 വേദഭാഗവുമായി സമാനതയുണ്ട്:

> ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും, ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ, പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ, അവനെ വീട്ടിൽ കൈക്കൊള്ളരുത്, അവനു കുശലം പറകയും അരുത്.

ഇതാകുന്നു ആ പ്രയോഗം "ക്രിസ്തുവിന്റെ ഉപദേശം." ഗ്രീക്കു ഘടനയിൽ, രണ്ടും കൃത്യമായി ഒന്നു തന്നെ. "ക്രിസ്തുവിന്റെ ഉപദേശം" എന്നതിനെക്കുറിച്ച് തർക്കിക്കുന്നവർ *അതിനു ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിച്ച ഉപദേശം* എന്നും അല്ലെങ്കിൽ *ക്രിസ്തു പഠിപ്പിച്ച ഉപദേശം* എന്നും അർത്ഥമുണ്ടെന്നാണ്. ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കുന്ന ഉപദേശം മാത്രമാണ് അർത്ഥമാക്കുന്നതെങ്കിൽ, അവനെ ദൈവപുത്രനായി സ്വീകരിക്കുന്ന ആരുമായും, നാമധേയ വിഭാഗിയ പരിശീലന വ്യത്യാസം ഗണ്യമാ ക്കാതെ എല്ലാവരോടും കൂട്ടായ്മ ആചരിക്കേണ്ടിവരും.

നേരെ മറിച്ചു, അതിന്റെ അർത്ഥം ക്രിസ്തുവും അപ്പൊസ്തല ന്മാരും പഠിപ്പിച്ച എല്ലാ ഉപദേശങ്ങളും എന്നാണെങ്കിൽ, കൂട്ടായ്മ പുതിയനിയമോപദേശങ്ങൾ വിശ്വസ്തമായി പിൻപറ്റുന്നവരുമായി മാത്രം ചുരുങ്ങുന്നു. ഒരുവശത്ത്, യേശുവിനെ ക്രിസ്തുവെന്നു സ്വീകരിക്കുന്ന എല്ലാവർക്കും ഉള്ളത് അയഞ്ഞ കൂട്ടായ്മയാണ്; മറുവശത്ത്, അപ്പൊസ്തലന്മാരുടെ എല്ലാ ഉപദേശങ്ങളോടും വാസ്തവത്തിൽ വിശ്വസ്തത പുലർത്തുന്ന ആളുകളോടു മാത്രം വേറിട്ട കൂട്ടായ്മ പുലർത്തുന്നവർ.

ഈ വേദഭാഗത്തിലെ വ്യാകരണ ഘടന സമാനതയുള്ളതാകയാൽ, പ്രവൃത്തികൾ 2:42 "അപ്പൊസ്തലന്മാരുടെതായ ഉപദേശം" എന്നല്ല "അപ്പൊസ്തലന്മാരുടെ ഉപദേശം" എന്നു തർജ്ജിമ ചെയ്യാം. അതുപോലെ, 2 യോഹന്നാൻ 9 "ക്രിസ്തുവിന്റെ ഉപദേശം" എന്നു തർജ്ജിമ ചെയ്യാം. പിന്നെ, ഇത്, യോഹന്നാന്റെ ഉപദേശത്തിൽ പരിമിതമായ കൂട്ടായ്മയാണ് അല്ലാതെ ക്രിസ്തുവിനെ സ്വീകരിക്കുന്ന ആരുമായും കൂട്ടായ്മ ആകാമെന്ന വിശാലമായ കൂട്ടായ്മയല്ല പറഞ്ഞിരിക്കുന്നതെന്നു മനസിലാക്കുക. കർത്താവു സ്ഥാപിച്ച കൂട്ടായ്മരേഖ ഛേദിച്ചു തുറന്നു കൂട്ടായ്മ ആചരിക്കുവാൻ ആഗ്രഹിക്കുന്നവർക്കു 2 യോഹന്നാൻ 9 ന്റെ ശരിയായ അർത്ഥം പിടി കിട്ടുകയില്ല.

**"കൂട്ടായ്മ"**

ഈ യെഹൂദ പരിവർത്തകർ സ്വീകരിച്ച രണ്ടാമത്തെ മാറ്റം, കൂട്ടായ്മയാണ്, തങ്ങളുടെ സമ്പാദ്യത്തെക്കുറിച്ചും, ആളുകളുടെ

ആവശ്യത്തെക്കുറിച്ചുള്ള അവരുടെ കാഴ്ച്ചപ്പാട് മാറി. *കൊയ്നോണിയ* എന്ന വാക്ക്, വിശാലമായ അർത്ഥത്തിൽ, മതപരമായ നേട്ടങ്ങളിൽ സഹോദരന്മാരുമായ് ചേർന്നു പങ്കിടുന്നതിനെ സൂചിപ്പിക്കുന്നു. മറ്റു സന്ദർഭങ്ങളിൽ, ക്രിസ്ത്യാനികൾക്ക് പിതാവിനോടും, പുത്രനോടും, പരിശുദ്ധാത്മാവിനോടും ഉള്ള കൂട്ടായ്മക്കായി ഉപയോഗിച്ചിരിക്കുന്നു (2 കൊരിന്ത്യർ 13:14); ക്രിസ്ത്യാനികൾക്ക് അന്യോന്യമുള്ള കൂട്ടായ്മക്കും (1 യോഹന്നാൻ 1:7); ക്രിസ്ത്യാനികൾ കർത്തൃമേശയിൽ കർത്താവു ക്രൂശിൽ മരിച്ച ശരീരത്തോടും ചിന്തിയ രക്തത്തോടും പുലർത്തുന്ന കൂട്ടായ്മ (1 കൊരിന്ത്യർ 10:16).

മറ്റുള്ളവരുമായി വസ്തുവകകൾ പങ്കിടുന്നതിനെയും മുഖ്യമായി *കൊയ്നോണിയ* ഉപയോഗിച്ച് കാണുന്നുണ്ട് (റോമർ 15:26; 2 കൊരിന്ത്യർ 9:13). പാലസ്തീനിലുള്ളവർ റോമയിലുള്ളവരോടു സുവിശേഷം പങ്കിട്ടതുകൊണ്ട്, റോമയിലുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ ഭൗതികമായ അനുഗ്രഹങ്ങൾ പാലസ്തീനിലെ ഭൗതികമായ അനുഭവി ക്കുന്നവർക്കു പങ്കിടുവാൻ കടപ്പെട്ടിരിക്കുന്നു എന്നു പൗലൊസ് പറഞ്ഞു. പൗലൊസിന്റെ ഭൗതികമായ ആവശ്യങ്ങളിൽ ഫിലിപ്പിയ സഭയിലെ ക്രിസ്ത്യാനികൾ വിശ്വസ്തത പുലർത്തി എന്ന് പൗലൊസ് അവരെ ഓർപ്പിക്കയുണ്ടായി (ഫിലിപ്പിയർ 1:5; 4:14–16).

പ്രവൃത്തികൾ 2 ന്റെ സന്ദർഭത്തിൽ, "കൂട്ടായ്മ" എന്നതു സന്ദർശി ക്കുന്നവരായ യെഹൂദന്മാരുടെ ഭൗതികമായ ആവശ്യങ്ങൾ പങ്കിടുന്നതിനെ സൂചിപ്പിക്കുവാനാണ് കൂടുതൽ സാധ്യത, പുതിയ പരിവർത്തകർ സുവിശേഷത്തെക്കുറിച്ചു അവിടത്തന്നെ താമസിച്ചു മാസത്തോളം പഠിക്കാവുന്നത്ര പഠിക്കുവാൻ തയ്യാറായപ്പോൾ ആയിരുന്നു അത്. ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു അനേക ഭവനങ്ങൾ യെരുശലേമിൽ തന്നെ കുറെ നാൾ താമസിച്ചതു കൊണ്ട്, അവർക്കു ആഹാരം വസ്ത്രം തിരിച്ചു പോകേണ്ടതിനു പണം എന്നിവ ആവശ്യമായി വന്നതുകൊണ്ടാണ് ഈ സംവിധാനം അവർ നടത്തിയതു എന്നാണ്.

ദശാംശം പറയാതിരുന്നതുകൊണ്ട് കർത്താവിന്റെ വേലക്കു വേണ്ടി കൂടെയാണ് ഈ പുതിയ ധർമ്മശേഖര സംവിധാനം നടത്തിയതു എന്നതും വസ്തുതയാണ്! ന്യായപ്രമാണത്തിനു മുൻപു നിലനിന്ന സമ്പ്രദായമായിരുന്നു ദശാംശം, അബ്രഹാം മൽക്കിസെദേക്കിനു ദശാംശം നല്കിയിരുന്നു (എബ്രായർ 7:1–4). ക്രിസ്തുവിന്റെ സുവിശേഷത്തിൻ കീഴിലുള്ളവരോടു ദശാംശം നല്കലിനെക്കുറിച്ചു കൂടുതൽ ഉപദേശം ലഭ്യമാകാതിരുന്നപ്പോൾ, നല്കൽ സംബന്ധിച്ചു ഒരു മാറ്റം അനിവാര്യമാണെന്നു സൂചിപ്പിക്കുന്നു. പുതിയ നിയമത്തിൻ കീഴിൽ, ഓരോരുത്തൻ കഴിവുള്ളതുപോലെ കൊടുക്കുവാനാണ് പറഞ്ഞിരിക്കുന്നത് (1 കൊരിന്ത്യർ 16:2), പ്രാപ്തിക്കു മീതെ കൊടുത്തിട്ടുണ്ട് (2 കൊരിന്ത്യർ 8:14, 15). ധാരാളമായും ഹൃദയത്തിൽ നിശ്ചയിച്ചതുപോലെയും, സന്തോഷത്താലും ആണ് നല്കേണ്ടത് (2 കൊരിന്ത്യർ 9:6, 7).

**"അപ്പം നുറുക്കൽ"**

ആരാധനാ രീതിയിൽ വന്ന മറ്റൊരു മാറ്റമായിരുന്നു, അപ്പം നുറുക്കൽ, അതു ക്രൂശിൽ മരിച്ച യേശുവിന്റെ ഓർമ്മപ്പെരുന്നാളായി രുന്നു. ഇതു കർത്താവിന്റെ മരണത്തിന്റെ ഓർമ്മക്കായുള്ള അപ്പം ആയിരുന്നു (1 കൊരിന്ത്യർ 11:26), തന്നെ കാണിച്ചുകൊടുത്ത രാത്രിയിൽ യേശു നിർദ്ദേശിച്ചതനുസരിച്ചായിരുന്നു ഇതു ഭക്ഷിച്ചത് (മത്തായി 26:26–29; ലൂക്കൊസ് 22:17–20). ഈ ഓർമ്മയുടെ അപ്പം കർത്താവിന്റെ രാജ്യത്തിലാണ് ആചരിക്കേണ്ടത്, കാരണം അവനും വിശ്വസ്തക്രിസ്ത്യാനികളോട് ഇതിൽ കൂട്ടായ്മ പുലർത്തുന്നുണ്ട് (ലൂക്കൊസ് 22:29, 30), ഇടവകകൾ കൂടി വന്നു ആചരിച്ചതായ ഈ കൂട്ടായ്മ (1 കൊരിന്ത്യർ 10:16). സാധാരണ ഭക്ഷണത്തോടു കൂടെ ആയിരുന്നില്ല എന്നോർക്കണം (1 കൊരിന്ത്യർ 11:20–22, 33, 34).

ക്രിസ്തു ലോകത്തിനുവേണ്ടി തന്റെ ശരീരവും രക്തവും നല്കി എന്ന് ഓർപ്പിക്കുന്നതായിരുന്നു ഈ ഓർമ്മപ്പെരുന്നാൾ. പുതിയനിയമ ക്രിസ്ത്യാനികൾ ഇതു ആചരിച്ചതു, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച്ച ആയിരുന്നു. (പ്രവൃത്തികൾ 20:7). ആദ്യ ഇടവകകളുടെ നിരന്തര പരിശീലനമായിരുന്നു ഞായറാഴ്ച്ചയിലെ കൂടി വരവ്. എങ്ങനെ ആവശ്യമുള്ളവരെ സഹായിക്കുവാൻ പണം ശേഖരിക്കണം എന്നു പൗലൊസ് നിർദ്ദേശം കൊടുത്തപ്പോൾ, അതു ഞായറാഴ്ച്ച അവർ കൂടിവരുമ്പോൾ ചെയ്യുവാനാണ് പറഞ്ഞത് (1 കൊരിന്ത്യർ 16:2). ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരവ് ആരംഭിക്കുവാനല്ല പൗലൊസ് പറഞ്ഞതു; മറിച്ചു, അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭായോഗത്തിനു കൂടിവരുമ്പോൾ ഓരോരുത്തൻ ചിന്തിച്ചു വെക്കുവാനാണ് പറഞ്ഞത്.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം - നാളിലെ നിരന്തര കൂടിവരവു സുപ്ര ധാനമാണ്. യെഹൂദന്മാരുടെ പതിവ്, ഏഴാം നാളായ, ശബ്ബത്ത് ആയിരുന്നു ന്യായപ്രമാണമനുസരിച്ച്. പരിവർത്തനം ചെയ്ത യെഹൂദന്മാർ അവരുടെ ആരാധനക്കുള്ള കൂടിവരവ്, ആദ്യദിവസമായ ഞായറാഴ്ച്ചയാക്കി. "ഞാൻ കല്പിച്ചതെല്ലാം" വിശ്വാസികളായി സ്നാനമേറ്റവരെ പഠിപ്പിക്കുവാൻ യേശു അപ്പൊസ്തലന്മാരോടു പറഞ്ഞിരുന്നു (മത്തായി 28:20). പുതിയ പരിവർത്തകരോടു യേശു വിനെ ആദരിക്കുവാൻ കൂടിവരണമെന്നു അപ്പൊസ്തലന്മാർ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ, അതു യേശു അവരോടു നേരിട്ടു ഉപദേശിച്ച തിന്റെ ഫലമായിരുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം - നാളിൽ ആരാധി ക്കുവാൻ കൂടിവരുന്നതു, കർത്തൃമേശയടക്കം, തുടങ്ങിയതു യേശുവിന്റെ കല്പനയനുസരിച്ചായിരുന്നു എന്ന് ഏതൊരു ബൈബിൾ വിദ്യാർത്ഥിക്കും തീർച്ചയാക്കാം. യേശുക്രിസ്തു പഠിപ്പിച്ചതെല്ലാം ആണ് അപ്പൊസ്തലന്മാർ ഉപദേശിച്ചത്, അപ്പൊസ്തലന്മാർ ഉപദേശിച്ചതായി രുന്നു പരിവർത്തകർ പിൻപറ്റിയത്.

**"പ്രാർത്ഥന"**

ഈ നാടകീയമാറ്റങ്ങൾക്കു പുറമെ, പ്രാർത്ഥനകളും മാറി

വ്യത്യസ്തമായി ചൊല്ലാൻ തുടങ്ങി: പെന്തെക്കൊസ്തു നാളിനു മുൻപു, ഈ പരിവർത്തകർ യെഹോവയോടായിരുന്നു പ്രാർത്ഥിച്ചത്; എന്നാൽ ഇപ്പോൾ അവർ യഹോവയോട് യേശുക്രിസ്തു എന്ന മദ്ധ്യസ്ഥൻ മുഖാന്തരം പ്രാർത്ഥിക്കാൻ തുടങ്ങി (കൊലൊസ്യർ 3:17; റോമർ 1:8, 9; 1 തിമൊഥെയൊസ് 2:5). മുൻപു, ഈ യെഹൂദന്മാർ പിതാവിനെ ബഹുമാനത്തോടെ സംബോധന ചെയ്തു; ഇപ്പോൾ അവർ അതുപോലെ, യേശു എന്ന പുത്രൻ മുഖാന്തരം സംബോധന ചെയ്യുന്നു.

പെന്തെക്കൊസ്തു നാളിൽ പ്രസംഗിച്ച പുതിയ സുവിശേഷത്തിൻ കീഴിൽ സംഭവിച്ച മാറ്റമായിരുന്നു അപ്പൊസ്തലന്മാരുടെ ഉപദേശവും, കൂട്ടായ്മയും, അപ്പം നുറുക്കലും, പ്രാർത്ഥനയും.

### ഒരു പുതിയ ആരാധന അനുഭവിച്ചു

ആരാധന വേഗം ഒരാൾ യെരുശലേമിലാണോ, ശമര്യാ മലയിലാണോ എന്നു കണക്കിലെടുക്കാതാവും എന്നു കിണറ്റിനരികിൽ വെച്ചു യേശു ശമര്യക്കാരി സ്ത്രീയോടു 1 യോഹന്നാൻ 4:21–24–ൽ പറഞ്ഞു; മറിച്ചു, സത്യാരാധകർ ദൈവത്തെ “സത്യത്തിലും ആത്മാ വിലും” നമസ്ക്കരിക്കും എന്നു പറഞ്ഞു. യെരോബെയാമിനെ, രാജ്യം വിഭജിച്ചപ്പോൾ മത്സരിച്ചു പിൻപറ്റിയവരുടെ പിൻഗാമികളായിരുന്നു ശമര്യക്കാർ (1 രാജാക്കന്മാർ 12; 13). അബ്രഹാമിന്റെ മക്കൾ യെരുശലേമിൽ പോകാതെ ശമര്യ പർവ്വതങ്ങളിൽ ആരാധിക്കുമെന്ന് അവർ അവകാശപ്പെട്ടിരുന്നു. വിശ്വസ്തരായ യിസ്രായേല്യർ തുടർന്നും യെരുശലേമിൽ തന്നെ പെസ്സഹാ പെരുന്നാൾ ആഘോഷിച്ചു, എന്നാൽ യെരൊബെയാം പെസ്സഹയോട് മത്സരിച്ചു തന്റെ അനുയായികൾ യെരുശലേമിൽ പോകാതെ തന്നെ സേവിക്കേണ്ടതിനു അവിടെത്തന്നെ പെരുന്നാൾ ഒരുക്കി (1 രാജാക്കന്മാർ 12:26–33).

കാല - പ്പഴക്കമുണ്ടായിരുന്ന തർക്കങ്ങളെ അവഗണിച്ചുകൊണ്ട്, യേശു ശമര്യക്കാരി സ്ത്രീയോടു, ദൈവത്തോടുള്ള ആരാധന പെട്ടെന്നു മാറുവാനിരുന്നു എന്നു പറഞ്ഞു. “ആത്മാവിൽ” ആരാ ധിക്കുക എന്നതു ആരാധകന്റെ ഉള്ളിലെ ലക്ഷ്യം വ്യക്തമാക്കുന്നു. “സത്യത്തിൽ” ആരാധിക്കുന്നതു അർത്ഥമാക്കുന്നതു ആരാധകന്റെ പ്രവൃത്തികൾ സത്യം അഥവാ ദൈവവചനം അനുസരിച്ചായിരിക്കണം എന്നാണ്. വെറും ചടങ്ങായ ആരാധന ദൈവം സ്വീകരിക്കയില്ല. അതുപോലെ ദൈവം കല്പിച്ചിട്ടില്ലാത്ത ആരാധനയും ദൈവം സ്വീകരിക്കയില്ല.

സത്യാരാധനയിൽ പല സ്വഭാവ വിശേഷതകൾ അടങ്ങുന്നു. ഒന്നു, സത്യാരാധന *ആന്തരികം* ആണ്. ആരാധകന്റെ മനസിനു പുറത്തുള്ള പ്രവൃത്തികൾ അതിൽ ഉൾപ്പെടുന്നുണ്ടെങ്കിലും, വാസ്തവത്തിലുള്ള ആദരവും പുകഴ്ച്ചയും ഓരോരുത്തരുടേയും മനസ്സിൽ നിന്നു പുറപ്പെടണം.

രണ്ട്, സത്യാരാധന *സോദ്ദേശപരം* ആയിരിക്കണം. മനസിന്റെ ഉദ്ദേശത്തോടെ വേണം അതു ചെയ്യുവാൻ. ആരാധന യാദൃശ്ചികമായി ചെയ്യാൻ കഴിയുകയില്ല. ഭൗതികമായ ചലനത്തിലൂടെ കടന്നു പോകുന്നതു മാത്രം ആരാധന ആവുന്നില്ല; അതിൽ ഉൾപ്പെടുന്ന

വ്യക്തിയുടെ ലക്ഷ്യവും അടങ്ങുന്നു.

മൂന്ന്, സത്യാരാധന *ലംബം* ആയിരിക്കണം. ആരാധന നടത്തേണ്ടതു മറ്റു ആരാധകരെ ആശ്രയിച്ച് ആകരുത്. സത്യാരാധന ദൈവത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുന്നതിനാകണം, മറ്റുള്ളവരുടെ ഉപകാരം കർത്താവിനോടുള്ള ആരാധനക്കു പുറത്താണ്. ഒരാൾ ഉപദേശിക്കയോ പാട്ടുപാടുകയോ ചെയ്യുമ്പോൾ, കേൾക്കുന്നവർക്കു പ്രയോജനം ചെയ്യാം; അതേ സമയം ക്രിസ്ത്യാനികൾ സങ്കീർത്തനങ്ങ ളാലും, സ്തുതികളാലും, ആത്മീയ ഗീതത്താലും, "തമ്മിൽ സംസാ രിച്ചും" അവർ "ഹൃദയത്തിൽ" കർത്താവിനു "പാടിയും" *ദൈവത്തെ* മഹത്വപ്പെടുത്തുന്നു (കൊലൊസ്യർ 3:16; എഫെസ്യർ 5:19). ആരാധന ദൈവത്തോടു മാത്രമെ ആകാവു.

നാല്, സത്യാരാധന *നൈമിഷികമാണ്*. ദൈവത്തിന്റെ ഇച്ഛാനു സരണം അവനോടുള്ള പ്രതികരണ പ്രവൃത്തികൾ അവനിലെത്തു ന്നതാണ് ആരാധന. ഒരാൾക്ക് ഏതു സ്ഥലത്തും പല വിധത്തിലും ആരാധിക്കാം. പ്രവൃത്തികളുടെ പുസ്തകത്തിൽ, പല സന്ദർഭങ്ങളിലും പാട്ടു പാടലും പ്രാർത്ഥിക്കലും നടന്നിട്ടുണ്ട്, രഹസ്യമായും പരസ്യമായും, ആത്മാവിന്റെ ലക്ഷ്യമനുസരിച്ചാണ്. ദൈവം തന്റെ വചനത്തിൽ കല്പിച്ചിരിക്കുന്നതിനോടു പ്രതികരണമായി സോദ്ദേശ പരമായി പരിമിതമായും നൈമിഷികമായും ദൈവത്തിലെത്തിക്കുന്ന താണ് ആരാധന.

അതിൽക്കൂടുതലായി, സത്യാരാധന വ്യർത്ഥമാകയില്ല (മർക്കൊസ് 7:7). അതു അജ്ഞാതവുമല്ല (പ്രവൃത്തികൾ 17:23) അതു മനുഷ്യന്റെ ഇഛയാലോ തീരുമാനങ്ങളോ അനുസരിച്ചു നടത്തേണ്ടതുമല്ല (കൊലൊസ്യർ 2:20-23).

### ഉപസംഹാരം

ക്രിസ്ത്യാനികൾക്ക് എവിടെയും ദൈവത്തെ ആരാധിക്കുവാനുള്ള നേട്ടം ഉണ്ട്. അതു ഒരു പ്രത്യേക പുരോഹിത ഗോത്രത്തിനായി ഏതെങ്കിലും ഭൂമിയുടെ ഒരു ഭാഗത്ത് ഒതുങ്ങിനില്ക്കുന്നില്ല. എല്ലാ ക്രിസ്ത്യാനികളും സ്വീകാര്യമായ ആരാധന അർപ്പിക്കാവുന്ന, പുരോഹിതന്മാർ എന്നു നാമകരണം ചെയ്യപ്പെട്ടു (1 പത്രൊസ് 2:5, 9-11). ആരാധനാ പ്രവൃത്തികൾ (കർത്തൃമേശ, പ്രാർത്ഥന, പാട്ട്, ഉപദേശം, ധർമ്മശേഖരം) വിശുദ്ധന്മാർക്കു കൂടി വരുമ്പോൾ നടത്താം, ഇവയിൽ ചിലതു എവിടെയും ഏതു സമയത്തും ആകാം. ഒഴികഴിവുള്ള ഒന്ന് കർത്തൃമേശയാണ്, അത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം അല്ലാതെ ഭക്ഷിച്ചിരുന്നില്ല. പാട്ടും, പ്രാർത്ഥനയും, ഉപദേശവും, ധർമ്മശേഖരവും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും മറ്റു ദിവസങ്ങളിലും നടന്നതായി പ്രവൃത്തികളുടെ പുസ്തകത്തിൽ ഉടനീളം കാണാം. അതുകൊണ്ട്, ഈ പുസ്തകത്തിൽ നിന്നു തീർച്ചയാക്കാവുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അല്ലാതെയുള്ള കർത്തൃമേശ ദൈവ സന്നിധിയിൽ സ്വീകാര്യമല്ല എന്നതാണ്. കർത്താവു മറ്റൊരു ദിവസം അല്ല ഉയിർത്തെഴുന്നേറ്റത്, അവന്റെ മരണത്തെ ഓർക്കുവാൻ പ്രത്യേകമായി മറ്റൊരു ദിവസവും

നിശ്ചയിച്ചിട്ടില്ല.

കർത്തൃദിവസം പ്രത്യേകം ബഹുമാനിക്കുന്നതിനും ഓർമ്മിക്കുന്നതിനും ഉള്ളതാണ് (വെളിപ്പാട് 1:10). ക്രിസ്തു മുഖാന്തരമുള്ള പാപമോചനവും നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള യാഗവും ഓർമ്മിക്കുവാനുള്ള മനോഹര നേട്ടമാണ് നമുക്ക് ഉള്ളത്.

ആരാധ്യൻ ദൈവം മാത്രമാകയാൽ, അവനെ എങ്ങനെ ആരാധിക്കണം എന്നു തിരഞ്ഞെടുക്കുവാനുള്ള അവകാശം മനുഷ്യർക്കല്ല ദൈവത്തിനുള്ളതാണ്. അപ്പോൾ ദൈവത്തെ ആരാധിക്കുന്നതിനു മനുഷ്യർ നിയമാവലികൾ ഉണ്ടാക്കുന്നത് എത്ര ധിക്കാരമാണ്! ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു തുറന്നു പഠിപ്പിച്ചിരിക്കുന്നതു സ്വീകരിക്കുന്നതിനു പകരം മനുഷ്യർ തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ദൈവത്തെ പ്രസാദിപ്പിക്കുവാനാണിഷ്ടപ്പെടുന്നത്.

പ്രവൃത്തികളുടെ പുസ്തകത്തിലെ പുതിയ ക്രിസ്ത്യാനികൾ, യെഹൂദ പശ്ചാത്തലത്തിൽ നിന്നു വന്നവരാണെങ്കിലും, ദൈവത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ അവർ തയ്യാറായി. ഈ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിൽ വരുത്തിയ അത്ഭുതാവഹമായ മാറ്റങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു, അവരുടെ മാതൃക പരിഗണനക്കു യോഗ്യവും ഇന്നത്തെ ആളുകൾക്കു ബഹുമാനിക്കത്തക്കതും ആണ്.

© 2009 Truth for Today